# പ്രാരംഭ പരിസ്ഥിതി പഠന റിപ്പോർട്ട്

കൊച്ചി നഗരത്തിന്റെ വികസനത്തിനായി ADB ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി.. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിരിക്കുന്നത്.പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ജല സേചനം
2. മലിനജല ശുദ്ധീകരണവും അതിനുള്ള ശൃംഖല വികസിപ്പിക്കലും
3. കാന വികസനം
4. ഖരമാലിന്യ നിർമാർജ്ജനം
5. നടപ്പാത വികസിപ്പിക്കൽ

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ പദ്ധതികളും ADB യുടെ EAG (2003) പ്രകാരം കാറ്റഗറി B യിലാണ് ഉൾപ്പെട്ടിരിക്കുന്നത്

ആയത് നടപ്പിലാക്കുന്നത് കൊണ്ട് പരിസ്ഥിതിക്ക് ഉണ്ടായേക്കാവുന്ന ആഘാതം Catogory Aയിൽ ഉൾപ്പെട്ട പദ്ധതികളേക്കാൾ വളരെ കുറവായിരിക്കും .പ്രാരംഭ പരിസ്ഥിതി പഠനത്തിന്റെ പ്രധാനലക്ഷ്യമെന്തെന്നാൽ വികസന പ്രവർത്തനങ്ങൾ നടത്തിപ്പിന്റെ ഓരോഘട്ടത്തിലും ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ മുൻകൂട്ടി കാണുകയും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി തന്നെ നിർദ്ദേശിച്ച് വേണ്ടത് പോലെ ചെയ്യുക എന്നതുമാണ്

## പദ്ധതി നടത്തിപ്പിൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും

### ജലസേചനം

പ്രത്യാഘാതം : മണ്ണൊലിപ്പും മലിനീകരണവും

നിർമ്മാണ സ്ഥലത്ത് ശരിയായ രീതിയിൽ തടസ്സങ്ങൾ സ്ഥാപിച്ച് ചുററുപാടുമുള്ള സ്ഥലത്തെ മണ്ണൊലിപ്പ് മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളിൽ നിന്നും സംരക്ഷിക്കാനാകും

നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ട വസ്തുക്കൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനായി നടപ്പാത നിർമ്മിക്കുന്നത്, നിർമ്മാണപ്രവർത്തനം ഊർജിതമാക്കുന്നതിനും ചുറ്റുപാടുമുള്ള ആവാസവ്യവസ്ഥിതിയെ സംരക്ഷിക്കുന്നതിനും

സഹായകരമായേക്കും. നിർമ്മാണപ്രവർത്തനം നടക്കുമ്പോൾ ആവശ്യമുള്ള വെള്ളം ഉപയോഗിച്ച് പൊടിപടലങ്ങളെ തടയേണ്ടതും അനുവദനീയമല്ലാത്ത ശബ്ദം പുറത്തുപോകാതെ ശ്രദ്ധിക്കേണ്ടതും കോൺട്രാക്ടറുടെ കടമയാണ്. പദ്ധതികൊണ്ട് നേരിട്ട് ദോഷം ഒനുഭവിക്കുന്ന വ്യക്തികൾക്ക് നേരത്തെ തന്നെ വിവരം അറിയിക്കേണ്ടതും, സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്താൽ പദ്ധതിനടത്തിപ്പുകൊണ്ട് നേരിട്ട് ദോഷമനുഭവിക്കുന്ന വ്യക്തികൾക്ക് ആശ്വാസകരമായേക്കും

**മലിനജലശുദ്ധീകരണം**

പ്രത്യാഘാതം : മലിനീകരണവും തൊഴിലാളികൾക്കുണ്ടായേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങളും

പദ്ധതിനടത്തിപ്പുകൊണ്ട് ഒരു പ്രസ്തുത സ്ഥലത്തെ ആവാസവ്യവസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെങ്കിലും മലിനജലശദ്ധീകരണം വലിയൊരു സമൂഹത്തെ തീരാവ്യാധികളിൽ നിന്നും വിമുക്തമാക്കാനുള്ള ഒഴിവാക്കപ്പെടാനാകാത്ത പദ്ധതിയാണ്. ആയതിനാൽ പരമാവധി ആവാസവ്യവസ്ഥയ്ക്ക് പ്രതികൂലമാകാത്ത വിധത്തിൽ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്. മലിനജല ശുദ്ധീകരണ പ്ലാന്റും സമീപവാസികൾക്ക് ഉപയോഗയോഗ്യമായ ചതുപ്പുനിലത്തിന്റെയും ഇടയിലുള്ള സ്ഥലത്ത് ശാസ്ത്രീയമായ നിർദ്ദേശം സ്വീകരിച്ച് ബഫർ സോണുകൾ സ്ഥാപിക്കുക. പ്ലാന്റ് അടുത്തുള്ള ജല ശ്രോതസ്സുകളിൽനിന്നും അനുവദിക്കപ്പെട്ട ദൂരത്താണ് സ്ഥാപിക്കുന്നതെന്ന് പ്രത്യേകം ഉറപ്പുവരുത്തുക. ബഫർസോണുകൾ സ്ഥാപിക്കുന്നത് നിർമ്മാണ പ്രവർത്തനം നടക്കുന്ന മേഖല ഭൗതീകമായി വേർപ്പെട്ടുനിൽക്കുന്നതിനും വികസനപ്രവർത്തനങ്ങൾക്ക് വിഷ്വൽ സ്ക്രീൻ (മറ) ആയി നിലകൊള്ളുന്നതിനും സഹായകരമാണ്. ചെയ്യുന്നു. നിർമ്മാണ തൊഴിലാളികൾ സുരക്ഷാക്രമീകരണ രീതികൾ സ്വീകരിക്കുന്നത് തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായകരമാകും

നിർമ്മാണ സമയത്ത് അഭിമുഖികരിക്കുന്ന ഗതാഗതകുരുക്ക് നിയന്ത്രിക്കാൻ വേണ്ട നടപടികൾക്കായി ട്രാഫിക് പോലീസിന്റെ സഹായം തേടാവുന്നതാണ്

**ഖരമാലിന്യ നിർമ്മാർജ്ജനം**

ഖരമാലിന്യം നീക്കം ചെയ്യുന്നതിനായി കവചിത വാഹനങ്ങൾ മാത്രം ഉപയോഗിക്കുക. തൊഴിലാളികൾക്കുണ്ടായേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങൾശരിയായ രീതിയിലുള്ള പരിശീലനം നൽകി നിയന്ത്രിക്കേണ്ടതാണ്.

കാന നിർമ്മാണം

പ്രത്യാഘാതം : മലിനീകരണവും വഴിയോര കച്ചവടക്കാരുടെ പുനരുദ്ധാരണവും

വഴിയോര കച്ചവടക്കാരെ ശരിയായ രീതിയിൽ പുനരധിവസിപ്പിക്കുക,നിർമ്മാണ തൊഴിലാളികൾ അഴുക്ക് നിറഞ്ഞ ചുറ്റുപാടിൽ നിൽക്കുമ്പോഴുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാനായി ശരിയായ രീതിയിലുള്ള മുൻകരുതലുകൾ എടുക്കുകയും തൊഴിലാളികളെ അവയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്യുക. സഞ്ചാരയോഗ്യമായ സ്ഥലങ്ങളിൽ കാനപണിനടക്കുമ്പോൾ അപകട സാദ്ധ്യതയുള്ള സ്ഥലത്താണോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, അങ്ങനയെങ്കിൽ ശരിയായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ശ്രദ്ധിക്കേണ്ടതാണ്. നിർമ്മാണ മേഖലയിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ ഷട്ടറുകൾ സ്ഥാപിക്കുന്നത് വായുമലിനീകരണം തടയുന്നതിനും നേരിട്ടുള്ള ശബ്ദ സമ്പർക്കം ഒഴിവാക്കുന്നതിനും സഹായകരമാകും .നിർമ്മാണ മേഖലയിൽ നിന്നും പുറംതള്ളുന്ന മാലിന്യം വേണ്ടവിധത്തിൽ നിർമാർജ്ജനം ചെയ്യുന്നത് പരിസരവാസികളെ മാരക രോഗങ്ങളിൽ നിന്നും വിമുക്തമാക്കും.